പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6142 — 10.07.2012 ൽ മറുപടിയ്ക്ക്

## രാസവളങ്ങളുടെ വിലവർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ. എസ്. ബിജി മോൾ<br>ശ്രീ. വി. ശശി<br>,, ജി. എസ്. ജയലാൽ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) രാസവളങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കർഷകർ ഉപയോഗിക്കുന്ന പ്രധാനവളങ്ങൾക്ക് നിലവിലുണ്ടായിരുന്ന വിലയും ഇപ്പോഴുള്ള വിലയും തമ്മിൽ താരതമ്യം ചെയ്യുമോ;

(എ) രാസവളങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകർ ഉപയോഗിക്കുന്ന പ്രധാന വളങ്ങൾക്ക് ഇപ്പോഴുള്ള വിലയും നിലവിലുള്ള വിലവർദ്ധനവിനു മുൻപുണ്ടായിരുന്ന വിലയും താഴെ കൊടുക്കുന്നു.

(ടണ്ണിന്)

| വളം | നിലവിലെ വില വർദ്ധനവിന് മുമ്പുണ്ടായിരുന്ന വില | ഇപ്പോഴത്തെ വില | വിലയിൽ വന്ന വ്യത്യാസം |
|---|---|---|---|
| യൂറിയ | 5310 (8.11.11) | 5362.63 | 52.63 |
| മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 15,900 (15.5.12) | 16,800 | 900 |
| ഫാക്ടംഫോസ് | 14,751 (8.11.11) | 16,468 | 1,717 |
| ഡൈ അമോണിയം ഫോസ്ഫേറ്റ് | 20,000 (1.1.12) | 24,000 | 4,000 |

(ബി) ഈ വിലവർദ്ധനവ് മൂലം ദുരിതത്തിലായ കർഷകരെ സഹായിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

(ബി) കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ കാർഷിക പദ്ധതികളിൽ ഉൽപ്പാദനോപാദികളിൽ ഉൾപ്പെടുത്തി രാസവളത്തിന് 50% സബ്സിഡി മുതൽ 100% വരെ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമെ 8.11.11 മുതൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങളെ വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

കൂടാതെ രാസവളത്തിന്റെ വിലവർദ്ധനവ് കണക്കിലെടുത്ത് നെൽകൃഷിക്കാർക്ക് ഇപ്പോൾ നൽകി വരുന്ന പ്രൊഡക്ഷൻ സബ്സിഡി ഹെക്ടറിന് 1500/- രൂപ എന്നത് 3000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും അതിനുപുറമെ ഹെക്ടറിന് 1000/- രൂപ പ്രത്യേക സബ്സിഡിയായി അനുവദിച്ചുകൊണ്ടും (ആകെ 4000/-രൂപ); വാഴക്കൃഷിക്ക് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ നൽകിവരുന്ന സബ്സിഡിക്കുപുറമെ ഹെക്ടറിന് 1000/-രൂപ പ്രത്യേക സബ്സിഡിയായും അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ